# G20 Sherpas' Meeting on 15-16 September 2021

September 17, 2021

---

**G20 ഷെർപാസ് മീറ്റിങ് ,2021 സെപ്റ്റംബർ 15 -16 തിയ്യതികളിൽ**

സെപ്റ്റംബർ 17, 2021

1. വ്യാപാര വ്യവസായം, ഉപഭോക്തൃ വ്യവഹാരം, ഭക്ഷ്യ പൊതുവിതരണം, തുണിവ്യവസായം എന്നി വിഭാഗങ്ങളുടെ കേന്ദ്രമന്ത്രിയും ഇന്ത്യയുടെ G20 ഷേർപയുമായ ശ്രി പിയുഷ് ഗോയൽ, 2021 സെപ്റ്റംബർ 15 -16 തിയ്യതികളിലായി വിർച്വൽ രീതിയിൽ നടത്തിയ ദ്വിദിന G20 ഷേർപ്പസ് മീറ്ററിംഗിൽ പങ്കെടുത്തു G20 ഷേർപയായി ചുമതല ഏറ്റെടുത്തതിനു ശേഷം ശ്രീ പിയുഷ് ഗോയൽ പങ്കെടുക്കുന്ന ആദ്യ മീറ്റിംഗ് ആയിരുന്നു ഇത്.

2. ഇറ്റലിയുടെ G20 ഷേർപയായ അംബാസിഡർ ലൂയിഗി മറ്റിയോളോ മീറ്ററിംഗിന് അധ്യക്ഷത വഹിച്ചു, അദ്ദേഹം ശ്രീ പിയുഷ് ഗോയലിനെ G20 കുടുംബത്തിലേക്ക് സ്വാഗതം ചെയ്യുകയും ചെയ്തു.

3. 2021 ഒക്ടോബർ 30-31 ന് റോം ഉച്ചകോടിയിൽ G20 നേതാക്കൾ സ്വീകരികാനിരിക്കുന്ന റോം പ്രഖ്യാപനത്തിന്റെ കാർഡ് രൂപത്തെക്കുറിച്ച ചർച്ച ചെയ്യുകയും അഭിപ്രായങ്ങൾ കൈമാറുകയും ചെയ്യുക എന്നതായിരുന്നു മീറ്ററിംഗിന്റെ ഉദ്ദേശം.പകർച്ചവ്യാധി സുസ്ഥിര വികസനം, പരിസ്ഥിതി, കാലാവസ്ഥ, ഊർജ്ജം, ലിംഗസമത്വം, വിദ്യാഭ്യാസം, തൊഴിൽ, തൊഴിലവസരങ്ങൾ, ടൂറിസം, സംസ്കാരം, ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥ. എന്നിവ ഉൾപ്പെടുന്നതാണ് ഈ പ്രസ്താവനയുടെ പ്രധാന വിഷയങ്ങൾ.

4. ഈ വർഷത്തെ G20 നേതൃത്വത്തിനും നേതാക്കൾക്കായി വിവിധ വിഷയങ്ങൾ ഉൾക്കൊള്ളുന്ന ശക്തമായ ഒരു രേഖ തയ്യാറാക്കുന്നതിനുള്ള ശ്രമങ്ങൾക്കും ഷെർപ്പ ഇറ്റലിക്ക് നന്ദി പറഞ്ഞു. ഈ ഓരോ വിഷയത്തിലും ഇന്ത്യയുടെ പുരോഗതി എടുത്തുകാണിച്ചുകൊണ്ട്, നേതാക്കൾക്ക് വേണ്ടി അർത്ഥവത്തായതും സന്തുലിതവുമായ ഒരു പ്രസ്താവന ചർച്ച ചെയ്യുന്നതിൽ ഇന്ത്യ ഒരു സൃഷ്ടിപരമായ പങ്ക് വഹിക്കുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

ന്യൂ ഡൽഹി
സെപ്റ്റംബർ 17, 2021

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.